ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.03.2025** **TIME : 12.50 AM**

## പ്രധാന വാർത്തകൾ

1.) പാർലമെന്റിന്റെ ഇരുസഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. ചരിത്ര നായകൻ റാണാ സംഗയ്ക്ക് എതിരായ പരാമർശത്തിൽ രാജ്യസഭയിൽ ഭരണപക്ഷ പ്രതിഷേധം.

**Session in progress in both the houses of Parliament. Rajay Sabha was adjourned till noon today following uproar over the issue of alleged objectionable remarks made by Samajwadi Party MP Ramji Lal Suman against Rana Sanga.**

2) ആറാമത് **BIMSTEC** ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി തായ്‌ലൻഡ് സന്ദർശിക്കും.

**Prime Minister Narendra Modi will travel to Bangkok, Thailand, for a two-day visit from April 3rd to participate in the 6th BIMSTEC Summit.**

3) സ്പേഡെക്സ് ദൗത്യത്തിന്റെ ഭാഗമായ റോളിംഗ് പരീക്ഷണം വിജയകരമായി പൂർത്തിയാക്കി ഐ എസ് ആർ ഒ.

**The Indian Space Research Organisation (ISRO) has successfully completed the Rolling experiment as part of its Space Docking Experiment (SpaDeX) mission**

4) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമ്പൂർണ മാലിന്യ മുക്തമാകുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനം മറ്റെന്നാൾ.

Garbage Free Local self government institutions will be declared in Kerala on March 30th.

5) ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും

In IPL Cricket, Chennai Super Kings will take on Royal Challengers Bengaluru today,

&&&&&&&&&&&&&&&&&&&&&&&&&&&

**HEADLINE-1**

**PARLIAMENT**

പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ഇന്ത്യൻ തുറമുഖ ബിൽ, 2025 കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ലോക്സഭയിൽ അവതരിപ്പിച്ചു. തുറമുഖ വികസനം, തീരമേഖലയുടെ സമഗ്ര പരിപാലനം എന്നിവയാണ് ബിൽ ലക്ഷ്യമിടുന്നത്. കോസ്റ്റൽ ഷിപ്പിങ്ങ് ബില്ലും ഇന്ന് ലോക്സഭയുടെ പരിഗണനയ്ക്കെത്തും. അതേസമയം ചരിത്ര നായകൻ റാണാ സംഗയ്ക്ക് എതിരായ സമാജ് വാദി പാർട്ടി നേതാവ് രാംജി ലാൽ സുമൻറെ പരാമർശത്തെ തുടർന്ന് രാജ്യസഭയിൽ ഭരണപക്ഷാംഗങ്ങൾ കനത്ത പ്രതിഷേധമുയർത്തി. വിഷയത്തിൽ എംപി മാപ്പ് പറയണമെന്ന് ഭരണപക്ഷം ആവശ്യപ്പെട്ടു. ദേശീയ നായകരെ വിമർശിക്കുന്നത് ജനപ്രതിനിധികൾക്ക് യോജിച്ച കാര്യമല്ലെന്ന് സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ പറഞ്ഞു. ജനങ്ങളുടെ വികാരം വ്രണപ്പെടുത്തരുതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പരാമർശത്തെ പ്രതിപക്ഷ പാർട്ടികൾ ഒന്നടങ്കം അപലപിക്കണമെന്ന് പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. ഭരണപക്ഷ ബഹളത്തെ തുടർന്ന് സഭാ നടപടികൾ 12 മണി വരെ നിർത്തിവയ്ക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&

***J P NADDA (INTRO)***

***രാജ്യത്തെ നാലരക്കോടി കുടുംബങ്ങളിലെ 70 വയസിന് മുകളിൽ പ്രായമുള്ള 6 കോടിയിലധികം മുതിർന്ന പൗരന്മാർക്ക് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയുടെ പ്രയോജനം ലഭിക്കുമെന്ന് കേന്ദ്ര ആരോഗ്യ***

*മന്ത്രി ജെപി നഡ്ഡ. പ്രതിവർഷം 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സാ ആനുകൂല്യങ്ങളാണ് പദ്ധതിയിലൂടെ ഉറപ്പുവരുത്തിയിട്ടുള്ളത്. സാമൂഹിക-സാമ്പത്തിക വ്യത്യാസങ്ങൾ കണക്കിലെടുക്കാതെ ഈ പ്രായപരിധിയിലുള്ള എല്ലാവര്ക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും അദ്ദേഹം ലോക്സഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.*

*(വോയിസ്)*

&&&&&&&&&&&&&&&&&&&&&&&&&&&&

**HEADLINE-2**

**PM–THAILAND VISIT**

പ്രധാന മന്ത്രി നരേന്ദ്ര മോദിയുടെ തായ്‌ലൻഡ്, ശ്രീലങ്ക സന്ദർശനത്തിന് അടുത്ത മാസം 3 ന് തുടക്കമാവും.

ബാങ്കോക്കിൽ, നടക്കുന്ന ആറാമത് BIMSTEC ഉച്ചകോടിയിൽ ശ്രീ മോദി പങ്കെടുക്കും. പ്രധാനമന്ത്രിയുടെ മൂന്നാമത്തെ തായ്‌ലൻഡ് സന്ദർശനമാണിത്. ബിംസ്റ്റെക് നേതാക്കളുമായി ഉഭയകക്ഷി സഹകരണം സംബന്ധിച്ച് പ്രധാനമന്ത്രി ചർച്ച നടത്തും. തുടർന്ന് അടുത്ത മാസം നാലിന് ശ്രീലങ്കയിലെത്തുന്ന ശ്രീ മോദി, ശ്രീലങ്കൻ പ്രസിഡൻറുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-ശ്രീലങ്ക സഹകരണം കൂടിക്കാഴ്ചയിൽ ചർച്ചയാവും

&&&&&&&&&&&&&&&&&&&&&&&&&&&&

**HEADLINE-3**

**ISRO – ROLLING EXPERIMENT**

സ്പേഡെക്സ് ദൗത്യത്തിന്റെ ഭാഗമായുള്ള റോളിംഗ് പരീക്ഷണം വിജയകരമായി പൂർത്തിയാക്കി ഐ എസ് ആർ ഒ. ഉപഗ്രഹങ്ങളുടെ പ്രദക്ഷിണ ചലനവുമായി ബന്ധപ്പെട്ടതാണ് ഈ പരീക്ഷണം. ചന്ദ്രയാൻ-4

പോലുള്ള ഭാവി ദൗത്യങ്ങൾക്ക് ഈ പരീക്ഷണം സഹായകമാകുമെന്ന് ഐ എസ് ആർ ഒ ചെയർമാൻ വി നാരായണൻ പറഞ്ഞു. ഈ മാസം 13 ന് സ്പേഡെക്സ് ദൗത്യത്തിന്റെ ഭാഗമായ രണ്ട് ഉപഗ്രഹങ്ങളുടെ അൺഡോക്കിംഗ് ഐ എസ് ആർ ഒ വിജയകരമായി പൂർത്തിയാക്കിയിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&

**SC- YASHWANT VARAMA PLEA**

ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ്മയുടെ ബംഗ്ലാവിൽ നിന്ന് വൻതോതിൽ കത്തിനശിച്ച പണം കണ്ടെത്തിയ സംഭവത്തിൽ പോലീസ് അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും. ജസ്റ്റിസുമാരായ അഭയ് എസ്. ഒക, ഉജ്ജൽ ഭൂയാൻ എന്നിവരടങ്ങിയ ബെഞ്ച് ആയിരിക്കും കേസ് പരിഗണിക്കുക . സംഭവത്തെ തുടർന്ന് സുപ്രീംകോടതി കൊളീജിയം ജസ്റ്റിസ് വർമ്മയെ അലഹബാദ് ഹൈക്കോടതിയിലേക്ക് മടക്കി അയച്ചിരുന്നു. . അതേസമയം ആരോപണങ്ങൾ ജസ്റ്റിസ് വർമ്മ നിഷേധിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&

**HEADLINE-4**

**COMPLETELY WASTE FREE**

സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം മറ്റന്നാൾ നടക്കും. 126 ഗ്രാമപഞ്ചായത്തുകളും 13 മുൻസിപ്പാലിറ്റികളും മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി ഇതിനകം തന്നെ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. 8,337 മാലിന്യമുക്ത വാർഡുകളുടെ പ്രഖ്യാപനവും പൂർത്തിയായി. 13 മാനദണ്ഡങ്ങളിൽ ഓരോന്നിലും 80% പുരോഗതി കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

&&&&&&&&&&&&&&&&&&&&&&&&&&&

**RAMZAN KZHD**

ഇന്ന് റംസാൻ മാസത്തിലെ അവസാന വെള്ളി. ഖുർആൻ പാരായണത്തിൽ മുഴുകി പാപമോചനത്തിനായി പ്രാർഥിക്കുകയുമാണ് ഇസ്ലാം മതവിശ്വാസികൾ. ദാനധർമങ്ങളിൽ സജീവമാകുന്നതിനൊപ്പം വിശ്വാസികൾ പള്ളികളിൽ കൂടുതൽ സമയം ചെലവിടും. ഇന്നലെയായിരുന്നു ലൈലത്തുൽ ഖദ്ർ.

&&&&&&&&&&&&&&&&&&&&&&&&&&&

**KANNUR (INTRO)**

***ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന കേരള കെയർ പദ്ധതിയുടെ ഭാഗമായ പാലിയേറ്റീവ് കെയർ ഗ്രിഡ് കണ്ണൂരിൽ അടുത്തമാസം പ്രവർത്തനസജ്ജമാകും. പാലിയേറ്റീവ് പരിചരണം ഏകോപിപ്പിക്കാനുള്ളതാണ് പദ്ധതി.***

***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.***

***(വോയിസ്)***

&&&&&&&&&&&&&&&&&&&&&&&&&&&

**PM - MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും ഇന്ന് കൂടി സമർപ്പിക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്. മറ്റെന്നാളാണ് പരിപാടിയുടെ പ്രക്ഷേപണം. മൻ കി ബാത്തിൻറെ 120-ആം പതിപ്പാണിത്.

&&&&&&&&&&&&&&&&&&&&&&&&&&&

**BAL PURASKAR-APPLICATION**

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചു. നാഷണൽ അവാർഡ്സ് പോർട്ടലിലൂടെ അടുത്ത മാസം ഒന്ന് മുതൽ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച 5 നും 18 നും വയസ്സിനിടയിൽ പ്രായമുള്ള കുട്ടികളെയാണ് പുരസ്കാരത്തിനായി പരിഗണിക്കുന്നത്. ജൂലൈ 31-ാണ് അവസാന തീയതി.

&&&&&&&&&&&&&&&&&&&&&&&&&&&

**J K - PROPERTY EXEMPT STAMP DUTY**

ജമ്മു കശ്മീരിൽ, രക്തബന്ധമുള്ളവർക്കിടയിൽ സമ്മാനമായി നൽകുന്ന സ്വത്ത് കൈമാറ്റങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി സർക്കാർ ഒഴിവാക്കി. ഇളവ് ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരും.

&&&&&&&&&&&&&&&&&&&&&&&&&&&

**Arvind Kejriwal**

ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതിനായി ഖജനാവ് ദുരുപയോഗം ചെയ്യതിന് ഡൽഹി മുൻമുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ അടക്കമുള്ളവർക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യതായി ഡൽഹി പോലീസ്. ഇത് സംബന്ധിച്ച പരാതിയെ തുടർന്ന് കോടതി നിർദ്ദേശ പ്രകാരമാണ് നടപടി.

&&&&&&&&&&&&&&&&&&&&&&&&&&&

**HEADLINE-5**

**IPL CRICKET**

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് , റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് , സൺറൈസേഴ്സ് ഹൈദരാബാദിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&&&&&&

**ISL**

ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം. രാത്രി 7.30 ന് നടക്കുന്ന ആദ്യ പ്ലേ ഓഫിൽ ബെംഗളൂരു, മുംബൈ സിറ്റിയെ നേരിടും. അടുത്തമാസം 12 നാണ് ഫൈനൽ.

&&&&&&&&&&&&&&&&&&&&&&&&&&&

**US- WTO**

ലോക വ്യാപാര സംഘടനയ്ക്കുള്ള സംഭാവനകൾ നിർത്തിവച്ച് അമേരിക്ക . ചെലവുകൾ കുറയ്ക്കാനുള്ള ഡൊണാൾഡ് ട്രംപ് ഭരണകൂടത്തിന്റെ ശ്രമങ്ങളുടെ ഭാഗമായാണ് നടപടി . ലോക വ്യാപാര സംഘടനയുടെ വാർഷിക ബജറ്റിന് 11 ശതമാനമാണ് യുഎസ് സംഭാവന ചെയ്യുന്നത്. ലോകാരോഗ്യ സംഘടനയിൽ നിന്നും ഇതിനകം തന്നെ പിന്മാറിയ ട്രംപ് ഭരണകൂടം വിവിധ അന്താരാഷ്ട്ര സംഘടനകൾക്കുള്ള ധനസഹായവും വെട്ടിക്കുറച്ചിരുന്നു .

&&&&&&&&&&&&&&&&&&&&&&&&&&&

**CANADA - US TARIFFS**

യു എസ്സിൽ ഇറക്കുമതി ചെയ്യുന്ന വാഹനങ്ങൾക്ക് 25 ശതമാനം തീരുവ ഏർപ്പെടുത്തുമെന്ന ഡോണൾഡ് ട്രംപിന്റെ പ്രഖ്യാപനത്തെ അപലപിച്ച് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി. കനേഡിയൻ തൊഴിലാളികൾക്കും വ്യവസായങ്ങൾക്കും നേരെയുള്ള ആക്രമണമാണിതെന്ന് അദ്ദേഹം പ്രതികരിച്ചു. കാനഡയെ സ്വന്തമാക്കാനുള്ള അമേരിക്കയുടെ ആഗ്രഹം നടക്കില്ലെന്നും മാർക്ക് കാർണി വ്യക്തമാക്കി

&&&&&&&&&&&&&&&&&&&&&&&&&&&

**AUSTRALIA - GENERAL ELECTION**

ഓസ്ട്രേലിയയിൽ മെയ് 3 ന് പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് പ്രധാനമന്ത്രി ആന്റണി അൽബനീസ് . വർദ്ധിച്ച ജീവിത ചെലവ്,

ഭവനസംവിധാനങ്ങളുടെ അപര്യാപ്തത തുടങ്ങി നിരവധി പ്രശ്നങ്ങൾ സർക്കാരിന് വെല്ലുവിളി ഉയർത്തുന്നതിനിടെയാണ് തിരഞ്ഞെടുപ്പ് പ്രഖ്യാപനം. ആൽബനീസിന്റെ പാർട്ടിയും, പ്രതിപക്ഷനേതാവ് പീറ്റർ ഡറ്റൺ നേതൃത്വം നൽകുന്ന കൺസർവേറ്റീവ് സഖ്യവും തമ്മിലാണ് പ്രധാന മത്സരം.

&&&&&&&&&&&&&&&&&&&&&&&&&&&

## STOCK / GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 293 പോയിന്റ് താഴ്ന്ന് 77,312 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 79 പോയിന്റ് നഷ്ടത്തിൽ 23,513 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില ഉയർന്നു . ഗ്രാമിന് 105 രൂപ വർധിച്ച് 8,340 രൂപയും, പവന് 840 രൂപ ഉയർന്ന് 66,720 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&&&&

## BANGLADESH-CHINESE PRESIDENT

ബംഗ്ലാദേശ് ഇടക്കാല സർക്കാരിന്റെ മുഖ്യ ഉപദേഷ്ടാവ് മുഹമ്മദ് യൂനുസും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി .ബംഗ്ലാദേശും ചൈനയും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ബീജിംഗിൽ ഇന്ന് രാവിലെയാണ് കൂടിക്കാഴ്ച നടന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&